പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 747

30.01.2019 ലെ മറുപടിയ്ക്ക്.

## പ്രളയാനന്തര കേരള നിർമ്മിതിക്കായി പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയ തുക

**ചോദ്യം**
**ശ്രീ. വി.ഡി. സതീശൻ**

**ഉത്തരം**
**എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന ഫണ്ട് വെട്ടിക്കുറയ്ക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും വെട്ടിക്കുറച്ചതെന്ന് അറിയിക്കുമോ; | (എ) | പ്രളയ പുനരധിവാസ പദ്ധതിക്ക് ഊന്നൽ നൽകുന്നതിന് വേണ്ടി സംസ്ഥാന പദ്ധതിയിൽ പൊതുവെ 20 ശതമാനം വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതിയിലും 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട് |
| (ബി) | ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ നീക്കി വച്ചിരുന്ന തുകയിൽ എത്ര തുക കുറവ് വരുത്തിയിട്ടുണ്ട്; | (ബി) | 2018-19 വാർഷിക പദ്ധതിയിൽ ഭൂരഹിത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും ഭവന രഹിതർക്ക് വീട് വെക്കുന്നതിനുമായി വകയിരുത്തിയ 605 കോടി രൂപയിൽ 591.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതിക്കാർക്കിടയിലെ ദുർബലവിഭാഗങ്ങളുടെ വികസന പദ്ധതികൾക്കായി നീക്കി വച്ച തുകയെത്രയെന്നും അതിൽ എന്ത് തുക കുറവ് വരുത്തിയെന്നും വ്യക്തമാക്കുമോ; | (സി) | പട്ടികജാതിക്കാർക്കിടയിലെ ദുർബ്ബല വിഭാഗങ്ങളുടെ വികസന പദ്ധതികൾക്കായി 50 കോടി രൂപ വകയിരുത്തിയതിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. |
| (ഡി) | ആദിവാസികളുടെ വികസന പദ്ധതികൾക്കായി നീക്കിവച്ച തുകയിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇപ്പോൾ കുറവ് വരുത്തിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ? | ഡി) | പട്ടിക അനുബന്ധമായി നൽകുന്നു 20% പദ്ധതി തുക കുറവു ചെയ്തിട്ടുണ്ട്. ബാക്കി തുകയുടെ 100% വും ചെലവഴിച്ചു |

സെക്ഷൻ ഓഫീസർ